## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 6326 31-10-2011-ൽ മറുപടിക്ക്**

### വനഗവേഷണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള : | ശ്രീ. കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനം വികസന ഫണ്ട് ഉപയോഗിച്ച് ഗവേഷണങ്ങൾ വനസംരക്ഷണത്തിനോ മറ്റു വികസന പദ്ധതികൾക്കോ ഗുണം ചെയ്തില്ലെന്ന് കാണിച്ച് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) വനം വകുപ്പിലെ ഫണ്ട് ഉപയോഗിച്ച് ഗവേഷണങ്ങൾ നടത്തുന്നതിലെ ആക്ഷേപങ്ങൾ സംബന്ധിച്ച് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അന്വേഷിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം നൽകുമോ; | (ബി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) ഏതെല്ലാം ഗവേഷണ പ്രബന്ധങ്ങളാണ് അപ്രകാരം ഉപകാരപ്പെടാതെ പോയതെന്നും അതു സമർപ്പിച്ചവർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ; | (സി) അനുമതി നൽകിയ ഗവേഷണ പദ്ധതികളൊന്നും ഉപകാരപ്പെടാതെ പോയിട്ടില്ല. |
| ഡി) 2004-2011 കാലയളവിൽ ഇത്തരം ഗവേഷണങ്ങൾക്കായി എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | ഡി) 571.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

.........2

| ചോദ്യം | ഉത്തരം |
|---|---|
| ഇ) ഗുണപ്രദങ്ങളായ ഗവേഷണ പദ്ധതികൾക്കു മാത്രം ഫണ്ട് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ ? | ഇ) ഗുണപ്രദങ്ങളായ ഗവേഷണ പദ്ധതികൾക്കു മാത്രമാണ് ഫണ്ടനുവദിച്ചു വരുന്നത്. എന്നിരുന്നാലും ചെലവഴിക്കുന്ന തുകയ്ക്ക് കൂടുതൽ മെച്ചപ്പെട്ട നേട്ടം ഉണ്ടാകുന്നത് ഉറപ്പു വരുത്തുന്ന തിനായി ഭാവിയിൽ ഗവേഷണ പ്രോജക്ടുകൾ അനുവദിക്കുമ്പോൾ പാലിക്കേണ്ട നടപടികൾ വിശദീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്